LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്

246(1231) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളാഞ്ചേരി-പെരിന്തൽമണ്ണ റൂട്ടിലെ കെ.എസ്.ആർ.ടി.സി.- ചെയിൻ സർവ്വീസ് പുനരാരംഭിക്കണമെന്ന വിഷയത്തിൽ കെ.എസ്.ആർ.ടി.സി. അധികൃതർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

വളാഞ്ചേരി - പെരിന്തൽമണ്ണ റൂട്ടിലെ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസുകൾ 2018-ൽ വരുമാന കുറവ് മൂലമാണ് നിർത്തിവച്ചിരുന്നത്. 2019 ജൂൺ മാസത്തിൽ പ്രസ്തുത സർവ്വീസ് പുനരാരംഭിച്ചിരുന്നു. എന്നാൽ കോവിഡ് വ്യാപനത്തെ തുടർന്ന് വീണ്ടും നിർത്തിവയ്ക്കുകയായിരുന്നു.

(ബി) ഏറെ ലാഭകരമായതും പെരിന്തൽമണ്ണയിലെ വിവിധ ആശുപത്രികളിൽ ചികിത്സയ്ക്ക് പോകുന്നവർക്ക് സഹായകരവുമായ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കോവിഡിന്റെ നിയന്ത്രണങ്ങൾക്കുശേഷം പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

വെച്ചൂച്ചിറ-തിരുവനന്തപുരം ബസ് സർവ്വീസ്

247(1232) ശ്രീ പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാക്ലേശം നേരിടുന്ന പ്രദേശങ്ങളിലും പ്രധാനമായും കെ.എസ്.ആർ.ടി.സി. ബസിനെ ആശ്രയിക്കുന്ന മലയോര പ്രദേശങ്ങളിലും കെ.എസ്.ആർ.ടി.സി.-യുടെ പുതിയ ബസ് സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വളരെയധികം യാത്രക്കാരുള്ളതും എന്നാൽ യാത്രാക്ലേശം നേരിടുന്നതുമായ മലയോര പ്രദേശമായ റാന്നിയിലെ വെച്ചൂച്ചിറയിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് ദീർഘദൂര ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

&

(സി) വരുമാനം കുറഞ്ഞ റൂട്ടുകളിൽ ബസ് സർവ്വീസ് പൂർണ്ണമായും നിർത്താതെ യാത്രാക്ലേശം പരിഹരിക്കാൻ ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസങ്ങളിൽ ദീർഘദൂര സർവ്വീസ് എന്ന രീതിയിലുള്ള ലിമിറ്റഡ് കൺട്രോൾ ഷെഡ്യൂൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

എല്ലാ പ്രധാന മേഖലകളെയും ഒറ്റപ്പെട്ട മേഖലകളെയും മലയോര മേഖലയെയും ബന്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.- സർവ്വീസുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടുതലായി സർവ്വീസുകളുടെ ആവശ്യം സാദ്ധ്യതാ പഠനം നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

കായംകുളം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ പുനരുദ്ധാരണം

248(1233) <u>ശ്രീമതി യു. പ്രതിഭ:</u> താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായ കായംകുളം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിന്റെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

കായംകുളം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ബസ് ടെർമിനൽ കെട്ടിടം നിർമ്മിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി detailed project report സമർപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ Project Management Consultancy ആയ M/s HLL Lifecare Ltd.-ന് 3-12-2020-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പുനരുദ്ധാരണം

249 (1234) <u>ശ്രീ. എൻ. കെ. അക്ബർ:</u> താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി. ഗുരുവായൂർ ബസ് സ്റ്റേഷനിൽ യാത്രക്കാർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉൾപ്പെടുത്തി അത്യാധുനിക രീതിയിലുള്ള ബസ്സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് KSRTC-യുടെ Project Management Consultant ആയ M/s. SILK Ltd-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly